**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3451 18.02.2013-ൽ മറുപടിയ്ക്ക്

**അച്ചടിവകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം**

ചോദ്യം

**ശ്രീമതി. ഗീതാ ഗോപി**

മറുപടി

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) അച്ചടി വകുപ്പിലെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായോ; വ്യക്തമാക്കുമോ;

(എ) സ്പെഷ്യൽ റൂൾസ് രൂപീകരണനടപടികൾ അന്തിമഘട്ടത്തിലാണ്. ആയത് സബ്ജക്റ്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പരിഷ്കരിച്ച സ്പെഷ്യൽ റൂൾസ് എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ; കാലതാമസത്തിന് കാരണം വിശദീകരിക്കുമോ ?

(ബി) സബ്ജക്റ്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചാൽ അധികം വൈകാതെ തന്നെ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതാണ്. അച്ചടി വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനു വേണ്ടി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസിൽ ഡിപ്ലോമാക്കാരും സർട്ടിഫിക്കറ്റുകാരും തമ്മിൽ സൂപ്പർവൈസറി തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിന് നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ ഉണ്ടായിരുന്ന 1:1 റേഷ്യോ ഒഴിവാക്കി സീനിയോരിറ്റി മാനദണ്ഡമാക്കി തയ്യാറാക്കിയതാണ്. 1:1 റേഷ്യോ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ഡിപ്ലോമ ഹോൾഡേഴ്സ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ - 27785/2009 -ന്റെ 05.10.2009-ലെ ബഹു.ഹൈക്കോടതി വിധി ന്യായത്തിൽ ഡിപ്ലോമാ ഹോൾഡേഴ്സിന്റെ നിവേദനത്തിലെ ആക്ഷേപങ്ങളും സമാനമായ ആക്ഷേപങ്ങളും കൂടി കണക്കിലെടുത്തുവേണം അച്ചടി വകുപ്പിലെ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ അന്തിമമാക്കേണ്ടതെന്ന കോടതി നിർദ്ദേശ

മുണ്ടായിരുന്നു. പ്രസ്തുത കോടതി ഉത്തരവിന് വിധേയമായി പല നിയമവശങ്ങളും പുന:പരിശോധിക്കുന്നതിന് സമയം കൂടുതലാവശ്യമായി വന്നതാണ് കാലതാമസത്തിനിടയാക്കിയത്.

Priya Kumari

സെക്ഷൻ ഓഫീസർ